കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് WP(C)No/11627/13ലെ വിധിന്യായം – വെളിയങ്കോട് ഗ്രാമപഞ്ചായത്തിന് പൊതുശ്മശാനം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.96/14/തസ്വഭവ തിരുവനന്തപുരം, തീയതി :09/01/2014.

പരാമർശം: 1) 16.04.2013ലെ സ.ഉ(സാധാ)1010/13/തസ്വഭവ.
2) WP(C)11627/13ന്റെ 28.06.2013ലെ വിധിന്യായം.
3) 13.12.2013ലെ സ.ഉ(സാധാ)നം.3070/13/തസ്വഭവ.

<u>ഉത്തരവ്</u>

1) വെളിയങ്കോട് ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം സർക്കാർ നൽകിയ അനുമതിക്കെതിരായി ശ്രീ. കൈതവളപ്പിൽ അടിമു ബഹു: ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി.(സി)11627/2013 ആയി കേസ് ഫയൽ ചെയ്യുകയും 28.06.2013ലെ പരാമർശം രണ്ട് വിധിന്യായപ്രകാരം സർക്കാർ ഉത്തരവ് റദ്ദാക്കുകയും വെളിയങ്കോട് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപ്പീൽ പുതുതായി പരിഗണിക്കാനും ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിനു ശേഷം തീർപ്പുകൽപ്പിക്കാനും കോടതി ഉത്തരവിടുകയും ചെയ്തിരുന്നു. കോടതി വിധി പ്രകാരം ബന്ധപ്പെട്ട കക്ഷികളെ സർക്കാർ നേരിൽ കേട്ടതിൽ നിർദ്ദിഷ്ട ശ്മശാന സ്ഥലത്തെ സംബന്ധിച്ചും സമീപത്തുള്ള വീടിനെയും ഓല ഷെഡിനേയും സംബന്ധിച്ചും വളരെ വ്യത്യസ്തമായ വാദമുഖങ്ങളാണ് കക്ഷികൾ ഉന്നയിച്ചത്.

2) 07.11.2013ൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി നടത്തിയ നേർക്കാഴ്ചയിൽ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത ശ്രീ. കൈതവളപ്പിൽ അടിമുവിന്റെ പ്രതിനിധിയായ അഡ്വക്കേറ്റ് മുന്നോട്ടുവെച്ച വാദങ്ങൾ ഇപ്രകാരമായിരുന്നു.

(i) നിർദ്ദിഷ്ട ശ്മശാന സ്ഥലം ഒരു പാടശേഖരമാണ്. 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരമുള്ള യാതൊരു മുൻകൂർ അനുമതിയും ഗ്രാമപഞ്ചായത്ത് തേടിയിട്ടില്ല.

(ii) വില്ലേജ് ഓഫീസറുടെ റിപ്പോർട്ടും സ്കെച്ചും പ്രകാരം എതിർപ്പറിയിച്ച ഒന്നാം കക്ഷിയുടെ വാസഗൃഹവും കിണറും ശ്മശാനത്തിനുദ്ദേശിച്ച സ്ഥാനത്തു നിന്നും 50 മീറ്ററിനകത്താണ്. കക്ഷിയുടെ വാസഗൃഹം 43.3 മീറ്ററും കിണറ് 46 മീറ്ററും കുളം 47.7 മീറ്ററും മാത്രമേ അകലമുള്ളൂ.

(iii)ഓലപ്പുര കത്തിപ്പോയ സ്ഥാനത്തു തന്നെയാണ് ഇപ്പോഴും താൽക്കാലിക ഷെഡ് ഉള്ളത്. 50 വർഷമായി ഇതേ സ്ഥാനത്തുതന്നെയാണ് താമസിക്കുന്നത്. പകൽ മുഴുവൻ താമസിക്കുന്നതും പാചകം ചെയ്യുന്നതും താൽക്കാലിക ഷെഡിലാണ്.

(iv) ശ്മശാനത്തിനടുത്ത് രണ്ട് കൈതോടുകൾ ഒഴുകുന്നുണ്ട്. ഇത് തദ്ദേശ വാസികൾ കൃഷിയ്ക്കും കുടിവെള്ളത്തിനും മറ്റും ഉപയോഗിക്കുന്നതാണ്.

(v) പൊതുജനത്തിന് എതിർപ്പില്ലെന്ന കണ്ടെത്തൽ ശരിയല്ല, സബ്ഡിവിഷണൽ മജിസ്ട്രേറ്റിനും ജില്ലാ കളക്ടർക്കും മുമ്പാകെ ഇക്കാര്യം ഉയർത്തിയതാണ്.

(vi) നിർദ്ദിഷ്ട ശ്മശാനം പഞ്ചായത്ത് വേണ്ട വിധം നികത്തിയിട്ടില്ല. വെള്ളക്കെട്ടുള്ള സ്ഥലമാണ്. ശരിയാംവണ്ണം നികത്തിയില്ലെങ്കിൽ ശവസംസ്കാരം അസാധ്യമാകും.

(vii) ശ്മശാനത്തിലേയ്ക്ക് റോഡോ വാഹനമെത്താൻ സൗകര്യമോ ഇല്ല.

(viii) ശ്മശാന നിർമ്മാണം പ്രദേശത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കും. ചിയന്നൂർ പാടശേഖരം വെളിയങ്കോട് വില്ലേജിലെ നല്ലരീതിയിൽ നെൽകൃഷി നടക്കുന്ന പാടമാണ്. ശ്മശാന നിർമ്മാണ ശേഷം കൈതോടുകൾ ഉപയോഗരഹിതമാകും.

(ix) പൊന്നാനി തഹസിൽദാർ, അഡീഷണൽ തഹസിൽദാർ, മലപ്പുറം ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ടും സ്കെച്ചും വ്യക്തമാക്കുന്നത് നിർദ്ദിഷ്ട ശ്മശാനത്തിന് 1998ലെ കേരള പഞ്ചായത്തീരാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5 (1) പ്രകാരം അനുമതി നൽകാൻ കഴിയില്ല. നിയമലംഘനം അനുവദിക്കരുത്.

(x) മാറഞ്ചേരി പഞ്ചായത്തിലും പെരുമ്പടപ്പ് പഞ്ചായത്തിലും ശ്മശാനം നിലവിലുണ്ട്. പൊന്നാനിയിൽ വൈദ്യുത ക്രിമറ്റോറിയം നിലവിൽ വരും. നിലവിലുള്ള നിയമത്തിനും പൊതുജനതാൽപര്യത്തിനും പരിസ്ഥിതിക്ക് എതിരായും തഹസിൽദാർ, അഡീ. തഹസീൽദാർ, കളക്ടർ എന്നിവരുടെ റിപ്പോർട്ടുകൾക്കും തെളിവുകൾക്കും എതിരായും വെളിയങ്കോട് ഗ്രാമപഞ്ചായത്തിന് ശ്മശാനം അനുവദിക്കരുത്.

3) 11.10.2013ൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി നടത്തിയ ഹിയറിംഗിൽ വെളിയങ്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും മുന്നോട്ടുവെച്ച വാദങ്ങൾ ഇവയായിരുന്നു.

(i) 15 സെന്റ് റവന്യൂ ഭൂമി റവന്യൂ വകുപ്പ് 05.12.2007ലെ സ.ഉ (കൈ) 427/2007/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പൊതുശ്മശാനം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള ഭൂമിയാണ്.

(ii) ശ്മശാനം ആരംഭിക്കുന്നതിനുള്ള അനുമതിയ്ക്കായി ഗ്രാമപഞ്ചായത്ത് 07.04.2008ൽ മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയെങ്കിലും 06.03.2009ലെ പൊന്നാനി തഹസിൽദാരുടെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29.07.2009ൽ അനുമതി നിഷേധിക്കുകയുണ്ടായി. തഹസിൽദാരുടെ റിപ്പോർട്ട് തെറ്റാണെന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് അപ്പീൽ ബോധിപ്പിച്ചതിനെ തുടർന്ന് വീണ്ടും തിരൂർ ആർ.ഡി.ഒയോട് റിപ്പോർട്ട് തേടുകയും 01.02.2010ൽ പൊതുജനങ്ങളിൽ നിന്നും ആക്ഷേപം ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം പ്രസിദ്ധീകരിക്കുകയും 18.01.2012ലെ പൊന്നാനി തഹസിൽദാരുടെ, 47.7 മീറ്ററിൽ കിണർ, 42 മീറ്ററിൽ വാസഗൃഹം എന്നിവ ഉണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 07.04.2012ൽ കളക്ടർ ശ്മശാനം നിർമ്മിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുകയുണ്ടായി. തഹസിൽദാരുടെ റിപ്പോർട്ട് വസ്തുതാവിരുദ്ധമാണ്.

(iii) പൊന്നാനി തഹസിൽദാരുടെ 06.03.2009ലെ റിപ്പോർട്ടിൽ 'ഈ സ്ഥലത്തിന്റെ തെക്ക് കിഴക്ക ഭാഗത്തായി സുമാർ 45 മീറ്ററിൽ അടിമു എന്നയാളുടെ വീടും സ്ഥലവും' എന്ന പരാമർശത്തിൽ നിന്നും തഹസിൽദാർ കൃത്യമായി ദൂരം അളന്നിട്ടില്ല എന്ന് വ്യക്തമാണ്.

(iv) തിരൂർ ആർ.ഡി.ഒയുടെ റിപ്പോർട്ട് പ്രകാരം ശ്രീ. അടിമുവിന്റെ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വീട് ശ്മശാന ഭൂമിയിൽ നിന്നും 51 മീറ്റർ ദൂരെയാണ്.

(v) ശ്രീ. അടിമുവിന്റെ നിലവിലുണ്ടായിരുന്ന ഓലവീട് 03.01.2009ൽ കത്തി നശിക്കുകയുണ്ടായി. പഴയ പുര നിന്നിരുന്ന അതേ സ്ഥലത്തു തന്നെയാണ് അദ്ദേഹം പുതിയ പുരയുടെ നിർമ്മാണം നടത്തിയത്. ആയതിന് പഞ്ചായത്ത് ധനസഹായം നൽകിയിട്ടുള്ളതാണ്.

(vi) ശ്രീ. അടിമുവിന്റെ 51 മീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്തിരുന്ന യഥാർത്ഥ പുര 03.01.2009ൽ കത്തി നശിച്ചതിനെ തുടർന്ന് ഭക്ഷണം പാചകം ചെയ്യുന്നതിന് ടിയാൻ നിർമ്മിച്ചതാണ് 80 ചതുരശ്ര അടി വിസ്തീർണ്ണമുള്ള താൽക്കാലിക ഷെഡ്. പഞ്ചായത്ത് ശ്മശാനത്തിന് അപേക്ഷിച്ചത് 07.04.2008ലാണ്. ആ തീയതിയിലെ അവസ്ഥ വേണം പരിഗണിക്കേണ്ടത്.

(vii) "50 മീറ്ററിനുള്ളിൽ കുടിവെള്ള സ്രോതസ്സുകളുണ്ടെങ്കിൽ ടി സ്ഥലം ശ്മശാനത്തിന് വേണ്ടി അനുവദിക്കാൻ നിയമം അനുശാസിക്കുന്നില്ല' എന്ന് ചട്ടങ്ങളിൽ പരാമർശിച്ച് കാണുന്നില്ല.

(viii) പത്രപരസ്യത്തെത്തുടർന്ന് ആക്ഷേപമുന്നയിച്ചവരിൽ ശ്രീ. അടിമു ഒഴികെ ആരും തന്നെ ശ്മശാന ഭൂമിയുടെ സമീപവാസികളല്ല.

(ix) ഗ്രാമപഞ്ചായത്തിൽ ഒരു ശ്മശാനം സ്ഥാപിക്കുകയെന്നത് പൊതുജനങ്ങളുടെ നിരന്തരമായ ആവശ്യമാണ്.

(x) 26.06.2012ൽ ജില്ലാ കളക്ടർ സ്ഥലം നേരിൽ സന്ദർശിക്കുകയും ശ്മശാന ഭൂമിയുടെ 51.60 മീറ്ററിൽ ഒരു വീടുണ്ടെന്നും 48.4 മീറ്ററിൽ ഒരു കിണർ ഉണ്ടെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വീട് സ്ഥിതി ചെയ്യുന്നത് ശ്മശാനം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ദൂരപരിധിക്കു പുറത്തായതിനാൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് അനുകൂലമായിരുന്നു.

(xi) ശ്മശാന നിർമ്മാണത്തിനായി 6 ലക്ഷത്തിലധികം രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

4) 26.06.2012ന് സ്ഥലം സന്ദർശിച്ച മലപ്പുറം ജില്ലാ കളക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിർദ്ദിഷ്ട ശ്മശാനത്തിന്റെ കിഴക്ക് ഭാഗത്തായി പരാതിക്കാരിൽ ഒരാളായ ശ്രീ. കൈതവളപ്പിൽ അടിമു, s/o മൊയ്തുണ്ണി എന്നവർ താമസിക്കുന്നുണ്ട്.

I) ശ്മശാനത്തിന്റെ കിഴക്ക് ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ഗേറ്റിന്റെ മദ്ധ്യഭാഗത്ത് നിന്നും അളവുകൾ താലൂക്ക് സർവ്വെയറെക്കൊണ്ട് അളന്ന് പരിശോധിച്ച പ്പോൾ താഴെ കാണിച്ച പ്രകാരം അകലമുള്ളതായി കാണുന്നു.

1) നിർദ്ദിഷ്ട ശ്മശാനത്തിന്റെ ഗേറ്റിന്റെ നടുവിൽ നിന്നും ഭിത്തിയുള്ള ഓലഷെഡ്ഡിലേയ്ക്കുള്ള ദൂരം 48.7 മീറ്റർ.
2) ചെറിയ ഓലഷെഡ്ഡിലേയ്ക്ക് (ഭിത്തിയില്ലാത്തത്) ഉള്ള ദൂരം 43.9 മീറ്റർ
3) കോൺക്രീറ്റ് വീട്ടിലേയ്ക്കുള്ള ദൂരം 53.1 മീറ്റർ.
( ഈ 3 എണ്ണവും ശ്രീ. അടിമു എന്നവരുടെ കോമ്പൗണ്ടിൽ ഉള്ളതാണ്)

ശ്മശാനത്തിന്റെ ഗേറ്റിന്റെ നടുവിൽ നിന്നും കിണറ്റിലേയ്ക്കുള്ള ദൂരം 50.7 മീറ്ററാണ്. ഈ കിണറ്റിലെ വെള്ളമാണ് ശ്രീ. അടിമു എന്നവരും കുടുംബവും ഉപയോഗിച്ചുവരുന്നത്. കിണർ സ്ഥിതി ചെയ്യുന്നത് ഉയർന്ന പ്രദേശത്താണ്.

II) നിർദ്ദിഷ്ട ശ്മശാനത്തിന്റെ വടക്ക് കിഴക്കേ മൂലയിൽ ഒരു കുളം കാണുന്നു. കുളത്തിലേയ്ക്കുള്ള ദൂരം അളന്ന് പരിശോധിച്ചു.

1) നിർദ്ദിഷ്ട ശ്മശാന ഭൂമിയുടെ ഗേറ്റിന്റെ നടുഭാഗത്ത് നിന്നും വടക്ക് കിഴക്കേ മൂലയിലെ കുളത്തിലേയ്ക്കുള്ള ദൂരം 52.4 മീറ്ററാണ്.
2) നിർദ്ദിഷ്ട ശ്മശാന ഭൂമിയുടെ തെക്ക് കിഴക്കേ മൂലയിൽ നിന്നും കുളത്തിലേയ്ക്കുള്ള ദൂരം 52.5 മീറ്റർ.
3) നിർദ്ദിഷ്ട ശ്മശാന ഭൂമിയുടെ വടക്ക് മൂലയിൽ നിന്നും കുളത്തിലേയ്ക്കുള്ള ദൂരം 46.5 മീറ്റർ.

III) നിർദ്ദിഷ്ട ശ്മശാന ഭൂമിയുടെ തെക്ക് കിഴക്കേ മൂലയിൽ നിന്നും ശ്രീ. അടിമു എന്നവരുടെ ഓലഷെഡ്ഡുകളിലേയ്ക്കും, കോൺക്രീറ്റ് വീട്ടിലേയ്ക്കും, കിണറിലേയ്ക്കുമുള്ള ദൂരം അളന്ന് പരിശോധിച്ചു. താഴെ പറയുന്ന പ്രകാരം അകലമുണ്ടെന്ന് കാണുന്നു.

1) നിർദ്ദിഷ്ട ശ്മശാന ഭൂമിയുടെ തെക്ക് കിഴക്കേ മൂലയിൽ നിന്നും ഭിത്തിയുള്ള ഓലഷെഡ്ഡിലേയ്ക്കുള്ള ദൂരം 47.2 മീറ്റർ.
2) ശ്മശാനത്തിന്റെ തെക്ക് മൂലയിൽ നിന്നും ചെറിയ ഓലഷെഡ്ഡിലേയ്ക്കുള്ള ദൂരം 42.6 മീറ്റർ.
3) ശ്മശാനത്തിന്റെ തെക്ക് മൂലയിൽ നിന്നും കോൺക്രീറ്റ് വീട്ടിലേയ്ക്കുള്ള ദൂരം 51.6 മീറ്റർ.
4) തെക്ക് കിഴക്കേ മൂലയിൽ നിന്നും കിണറ്റിലേയ്ക്കുള്ള ദൂരം 48.4 മീറ്റർ.

5) മുകളിൽ സൂചിപ്പിച്ച പ്രകാരം വ്യത്യസ്തമായ വാദമുഖങ്ങളാണ് ഇരുകൂട്ടരും നേർക്കാഴ്ചയിൽ മുന്നോട്ടുവച്ചത്. ജില്ലാ കളക്ടറുടെ അളവ് സംബന്ധിച്ച വിവരങ്ങളും മുകളിൽ ചേർത്തിരിക്കുന്നു. ഈ സാഹചര്യത്തിലാണ് നിർദ്ദിഷ്ട ശ്മശാന സ്ഥലപരിശോധന നടത്തി കാര്യങ്ങൾ ബോധ്യപ്പെടുന്നതിനും കെട്ടിടങ്ങളെ സംബന്ധിച്ച പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്ററും മറ്റു ബന്ധപ്പെട്ട രേഖകളും പരിശോധിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും പരാമർശം (3) ഉത്തരവ് പ്രകാരം ശ്രീ. എം.എസ്. ഇർഷാദ്, സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ (ഡി.ബി )വകുപ്പ്, ശ്രീ. പി.എസ്. ശ്യാംദീപ്, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തിയത്.

6) ആയതിൻപ്രകാരം അവർ 2013 ഡിസംബർ 16,17 തീയതികളിൽ മലപ്പുറം വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ കെട്ടിടങ്ങളെ സംബന്ധിച്ച അസസ്മെന്റ് രജിസ്റ്ററുകളുടെയും ബന്ധപ്പെട്ട രേഖകളുടെയും പരിശോധനയും വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ നിർദ്ദിഷ്ട പൊതുശ്മശാന സ്ഥലത്തിന്റെ പരിശോധനയും നടത്തുകയുണ്ടായി. 17.12.2013ൽ വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ നിർദ്ദിഷ്ട ശ്മശാന സ്ഥലം സന്ദർശിച്ചു.

7) വെളിയങ്കോട് വില്ലേജിലെ സർവ്വെ നം. I/2 ൽപ്പെട്ട 15 സെന്റ് നിർദ്ദിഷ്ട ശ്മശാന ഭൂമി, പ്രദേശത്തെ മറ്റു ഭൂമിയിൽ നിന്ന് വേർതിരിച്ച് അളന്ന്, ചുറ്റത്തിൽ 2.5 മീറ്റർ ഉയരത്തിൽ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിരിക്കുന്നതായി കാണുകയുണ്ടായി. മതിലിനകത്തെ നിർദ്ദിഷ്ട ഭൂമി മണ്ണിട്ട് ഉയർത്തിയിട്ടുണ്ട്. ശ്മശാനത്തിന്റെ കിഴക്കുഭാഗത്തായാണ് നിലവിൽ ഗേറ്റ് സ്ഥാപിച്ചിരിക്കുന്നത്. അതിനകത്ത് ശ്മശാന സൂക്ഷിപ്പുകാരന്റെ ഷെഡും നിർമ്മിച്ചിട്ടുണ്ട്. ശ്മശാനത്തിന്റെ ചുറ്റുമോ പരിസരത്തോ കൃഷി നടക്കുന്നതിന്റെ യാതൊരു ലക്ഷണവും പ്രകടമല്ലായിരുന്നു. ശ്രീ. കൈതവളപ്പിൽ അടിമുവിന്റെ വീടും സമീപത്തെ കുളവും, ശ്മശാനത്തിന് സമീപത്തെ ഭൂമിയും പടിഞ്ഞാറുഭാഗത്ത് കാണുന്ന വിശാലമായ പറമ്പും അവർ സന്ദർശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ അളവുകളെ അടിസ്ഥാനമാക്കിയും ഇരുകക്ഷികളുടെയും വാദമുഖങ്ങൾ ചുവടെ ചേർക്കും പ്രകാരം വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ വസ്തുതകൾ ബോധ്യപ്പെടാനുമാണ് ശ്രമിച്ചിരിക്കുന്നത്.

1) നിർദ്ദിഷ്ട ശ്മശാന ഭൂമി ഒരു പാടശേഖരത്തിലുൾപ്പെട്ടതാണോ ?

പാടം നികത്തിയ ഭൂമിയാണ്. എന്നാൽ വർഷങ്ങളായി ടി ഭൂമിയിലോ സമീപത്തോ കൃഷിചെയ്തുവരുന്നില്ല.

2) എങ്കിൽ 2008ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഗ്രാമപഞ്ചായത്ത് മുൻകൂർ അനുമതി തേടിയിട്ടുണ്ടോ ?

നിയമം നിലവിൽ വരുന്നതിനു മുമ്പ് തന്നെ ശ്മശാന നിർമ്മാണത്തിന് അനുവദിക്കണമെന്ന വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ ആവശ്യം മുൻനിർ ത്തിയാണ് സർക്കാർ 15 സെന്റ് മിച്ചഭൂമി അനുവദിച്ചുകൊണ്ട് 2007ൽ ഉത്തരവായത്.

3) താലൂക്ക് ഉദ്യോഗസ്ഥരുടെ സ്കെച്ചും, റിപ്പോർട്ടും പ്രകാരം, എതിർപ്പറിയിച്ച ഒന്നാം കക്ഷി ശ്രീ. അടിമുവിന്റെ വാസഗൃഹവും, കിണറും ശ്മശാന സ്ഥാനത്ത് നിന്നും 50 മീറ്ററിന് അകത്താണോ ?

ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്മശാനത്തിന്റെ കിഴക്കു ഭാഗത്തെ ഗേറ്റിന്റെ മധ്യഭാഗത്തു നിന്നും 48.7 മീറ്റർ ദൂരത്തിൽ ഭിത്തിയുള്ള ഓലഷെഡും 43.9 മീറ്റർ ദൂരത്തിൽ ഭിത്തിയില്ലാത്ത ഓലഷെഡും 53.1 മീറ്റർ ദൂരത്തിൽ കോൺക്രീറ്റ് വീടും സ്ഥിതി ചെയ്യുന്നു. തെക്കുകിഴക്കു മൂലയിൽ നിന്നും ഭിത്തിയുള്ള ഓലഷെഡിലേയ്ക്കുള്ള ദൂരം 47.2 മീറ്ററും ചെറിയ ഓലഷെഡിലേയ്ക്കുള്ള ദൂരം 42.6 മീറ്ററും കോൺക്രീറ്റ് വീട്ടിലേയ്ക്കുള്ള ദൂരം 51.6 മീറ്ററും ആണ്.

ഭിത്തിയുള്ള ഓലഷെഡിലും ഭിത്തിയില്ലാത്ത ഓലഷെഡിലും ശ്രീ. അടിമുവും കുടുംബവും താമസിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയുണ്ടായി. ഭിത്തിയുള്ള ഓലഷെഡ് പാചകപ്പുരയും ഭിത്തിയില്ലാത്ത ഷെഡ് വിറകുപുരയു മാണെന്ന് കാണുകയുണ്ടായി. ഇവ രണ്ടിലും ആർക്കെങ്കിലും

താമസിക്കുന്ന തിനുള്ള സ്ഥലമോ സൗകര്യമോ ഇല്ലെന്ന് ബോധ്യപ്പെട്ടു. അതുകൊണ്ട് തന്നെ ശ്മശാന ഭൂമിയിൽ നിന്നും 50 മീറ്ററിനുള്ളിൽ വാസഗൃഹങ്ങളില്ലെന്ന വാദമാണ് വസ്തുതാപരം.

ഇവിടെ കൂടുതൽ പ്രസക്തമായ മറ്റൊരു കാര്യം കൂടിയുണ്ട്. റവന്യൂ അളവുകളെല്ലാം എടുത്തിരിയ്ക്കുന്നത് നിർദ്ദിഷ്ട ശ്മശാന ഭൂമിയുടെ ഗേറ്റിൽ നിന്നോ അതിരിൽ നിന്നോ ആണ്. എന്നാൽ ശ്മശാന സ്ഥാനം ഗേറ്റിൽ നിന്നും മീറ്ററുകൾക്ക് ഉള്ളിലാണ്. ഗേറ്റിൽ നിന്നും ഏകദേശം 10 മീറ്ററിന് മുകളിൽ ശ്മശാന സ്ഥാനത്തേയ്ക്ക് ദൂരം ഉണ്ട്. യഥാർത്ഥത്തിൽ ശ്മശാന സ്ഥാനത്തുനിന്നും അളവ് നടത്തുകയാണെങ്കിൽ ഇവയെല്ലാം 50 മീറ്ററിനു പുറത്തു തന്നെയായിരിക്കും.

4) വാസഗൃഹം 43.3 മീറ്ററും കിണറ് 46 മീറ്ററും, കുളം 47.7 മീറ്ററും മാത്രമേ അകലമുള്ളോ?
അല്ല.

5) ശ്മശാനത്തിന് അടുത്ത് 2 കൈത്തോടുകൾ ഒഴുകുന്നുണ്ടോ ?
ഉണ്ട്. ഒന്ന് ശ്മശാനത്തിന്റെ പടിഞ്ഞാറ് അതിരിന് അല്പം മാറി ഒഴുകുന്നു. മറ്റൊരു കൈതോട് തെക്ക് അതിരിന് നല്ല അകലത്തിലൂടെയും ഒഴുകുന്നു. ശ്മശാനം കാരണം ഇവയ്ക്ക് ദോഷമൊന്നും സംഭവിയ്ക്കുമെന്ന് കാണുന്നില്ല. ഇവയുടെ ഒഴുക്കിനും ശ്മശാനം തടസ്സമല്ല.

6) ഇത് തദ്ദേശവാസികൾ കൃഷിയ്ക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിയ്ക്കുന്ന വെന്ന് ബോധ്യപ്പെട്ടുമോ ?
ഇല്ല. കൃഷി നടക്കുന്നില്ല. കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഈ തോടുകൾ ഉപയോഗിക്കുന്നതായും കാണുന്നില്ല. കൃഷിയിടത്തിൽ വർഷങ്ങളായി കൃഷി നടക്കുന്നതായി യാതൊരു ലക്ഷണവും കാണുന്നില്ല. ശ്മശാനത്തിന് പടിഞ്ഞാറ് ഭാഗത്തായി കാണുന്ന നിലം നികത്തി കായ്ഫലമുള്ള നല്ല ഉയരത്തിലുള്ള തെങ്ങുകൾ ഉള്ളതായി കാണുന്നു. അതിനർത്ഥം അടുത്ത കാലത്തൊന്നും ഈ പ്രദേശത്ത് കൃഷി നടക്കുന്നില്ലെന്നതാണ്.

7) നിർദ്ദിഷ്ട ശ്മശാനം പഞ്ചായത്ത് വേണ്ടവിധം നികത്തിയിട്ടില്ലെന്നും, വെള്ളക്കെട്ടുള്ള സ്ഥലമാണെന്നും ശരിയാംവണ്ണം നികത്തിയില്ലെങ്കിൽ ശവസംസ്കാരം അസാധ്യമാണെന്നുമുള്ള കാര്യത്തിലുള്ള സ്ഥിരീകരണം ?

ശ്മശാനത്തിനു കുറച്ചകലെ: വെള്ളക്കെട്ടുള്ള സ്ഥലമുണ്ടെങ്കിലും ശ്മശാനത്തിന്റെ നിർമ്മിതി കൊണ്ടോ, പ്രവർത്തനം കൊണ്ടോ വെള്ളക്കെട്ടു മായി ബന്ധപ്പെട്ട തടസമോ ഒന്നും ഉണ്ടാകുമെന്ന് കാണുന്നില്ല. ശവസംസ്കാര ത്തിന് അനുയോജ്യമാം വിധത്തിൽ നാലു വശവും കരിങ്കല്ല് കെട്ടി ഉയർത്തി മണ്ണിട്ട് നികത്തിയാണ് സ്ഥലം ഒരുക്കിയിട്ടുള്ളത്.

8) ശ്മശാനത്തിലേയ്ക്ക് റോഡോ, വാഹനമെത്താൻ സൗകര്യമോ ഉണ്ടോ?

സർവ്വേ I/2-ൽ land bank-ൽ ഉൾപ്പെട്ട സ്ഥലം വരെ വഴി ഉണ്ട്. തുടർന്ന് land bank-ൽ ഉൾപ്പെട്ട സ്ഥലത്തിലൂടെ നിർദ്ദിഷ്ട ഭൂമിയിലേയ്ക്ക് പോകാവുന്നതാണ്.

9) ശ്മശാന നിർമ്മാണം പ്രദേശത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിയ്ക്കു മെന്നും ചീയന്നൂർ പാടശേഖരം വെളിയങ്കോട് വില്ലേജിലെ നല്ല രീതിയിൽ നെൽകൃഷി നടക്കുന്ന പാടമാണെന്നുമുള്ള വാദങ്ങൾക്ക് അടിസ്ഥാനമുണ്ടോ?

ശ്മശാന സ്ഥലത്തോ സമീപസ്ഥലത്തോ നെൽകൃഷി നടക്കുന്നില്ല.
ശ്മശാന ഭൂമിയോട് തൊട്ടുകിടക്കുന്ന നഞ്ചഭൂമികളിൽ കഴിഞ്ഞ 15 വർഷങ്ങളായി നെൽകൃഷി ചെയ്തു വരുന്നില്ലെന്നും മാത്രമല്ല പല സ്ഥലങ്ങളിലും തെങ്ങ് വെച്ചിട്ടുള്ളതായും, ശ്മശാനം വരുന്നതുകൊണ്ട് കൃഷി മുടങ്ങുന്ന സാഹചര്യം ഒന്നും നിലവിലുള്ളതായി കാണുന്നില്ല എന്നും തിരൂർ ആർ.ഡി.ഒ 28.07.2010ലെ എച്ച്.5790/09 കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10) ശ്മശാന നിർമ്മാണ ശേഷം കൈത്തോടുകൾ ഉപയോഗരഹിതമാകുമോ ?

ശ്മശാന നിർമ്മാണത്തിന്റെ പ്രാരംഭ പണികൾ നിർദ്ദിഷ്ട സ്ഥലത്ത് പഞ്ചായത്ത് നടത്തിയിട്ടുണ്ട്. അതുമൂലം കൈതോടുകൾക്ക് യാതൊരു ദോഷവും സംഭവിച്ചിട്ടില്ല.

ഇനിയവശേഷിക്കുന്നത് ശവസംസ്കാരം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾക്ക് സൗകര്യമൊരുക്കുന്ന പ്രവൃത്തികളാണ്. അവ നടത്തിയാലും അതുകൊണ്ട് കൈതോടുകൾക്ക് ദോഷമൊന്നും സംഭവിക്കാൻ സാധ്യതയില്ല.

11) മാറഞ്ചേരി പഞ്ചായത്തിലും പെരുമ്പടപ്പ് പഞ്ചായത്തിലും ശ്മശാനം നിലവിലുണ്ടെന്നതും, പൊന്നാനിയിൽ ഇലക്ട്രിക് ശ്മശാനം നിലവിൽ വരും എന്നതും വെളിയങ്കോട് പഞ്ചായത്തിന് ശ്മശാനത്തിനുള്ള അനുമതി നിഷേധിയ്ക്കാൻ കാരണമാകുമോ?

വെളിയങ്കോട് പഞ്ചായത്തിന് സ്വന്തമായി ശ്മശാനമില്ല. 22 കിലോമീറ്റർ അകലെ യുള്ള പൊന്നാനിയിലെ ശ്മശാനത്തെ ആശ്രയിയ്ക്കേണ്ടി വരുന്നു. 34000ൽപരം ജനസംഖ്യയുള്ള, ജനസംഖ്യയിൽ 60% ജനങ്ങളും ഹിന്ദുക്കളായ പഞ്ചായത്തിൽ ഭൂരിഭാഗവും നാമമാത്രമായ ഭൂമിയിൽ വീട് വച്ച് താമസിക്കുന്നവരാണ്. ഉറ്റവരുടെ മൃതശരീരം അടക്കം ചെയ്യുന്നതിന് വെളിയങ്കോട് ഗ്രാമപഞ്ചായത്തിൽ സ്വന്തമായി പൊതുശ്മശാനം നിലവിലില്ലാ ത്തത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗരേഖയിൽ ഓരോ ഗ്രാമപഞ്ചായത്തിലും നഗരഭരണ സ്ഥാപനത്തിലും ശ്മശാനങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സമീപ പഞ്ചായത്തു കളിൽ ശ്മശാനം നിലവിലുണ്ട് എന്നത് വെളിയങ്കോട് ഗ്രാമപഞ്ചായത്തിന് പൊതുശ്മശാനത്തിനുള്ള അനുമതി നിഷേധിക്കാൻ കാരണമാകുന്നില്ല.

12) ശ്രീ. അടിമു ഉപയോഗിക്കുന്നുവെന്ന് പറയുന്ന കുളത്തെക്കുറിച്ചുള്ള വിലയിരുത്തൽ

കളക്ടറുടെ അളവ് പ്രകാരം നിർദ്ദിഷ്ട ശ്മശാനഭൂമിയുടെ ഗേറ്റിന്റെ നടുഭാഗത്തുനിന്നും തെക്ക് കിഴക്കേ മൂലയിൽ നിന്നും കുളത്തിലേക്കുള്ള ദൂരം 50 മീറ്ററിന് മുകളിലാണ്. വടക്കുമൂലയിൽ നിന്നും കുളത്തിലേയ്ക്കുള്ള ദൂരം മാത്രമാണ് 46.5 മീറ്റർ. എന്നാൽ ശ്മശാന സ്ഥാനത്തുനിന്നും കുളത്തിലേക്കുള്ള ദൂരം 50 മീറ്ററിനും ഏറെ മുകളിലാണ്. കുളം നേരിട്ടു കണ്ടപ്പോൾ അത് നിലവിൽ ആരും ഉപയോഗിക്കുന്ന അവസ്ഥയിലാണെന്ന് തോന്നുന്നില്ല.

13) ശ്രീ. അടിമു താമസിയ്ക്കുന്ന വീട് ശ്മശാന ഭൂമിയിൽ നിന്നും 51 • മീറ്റർ ദൂരത്താണ് എന്ന പഞ്ചായത്തിന്റെ വാദം ശരിയാണോ ?

ശ്രീ. അടിമുവിന്റെ വീട് കോൺക്രീറ്റ് കെട്ടിടമാണെന്നും അത് നിർദ്ദിഷ്ട ശ്മശാനത്തിന്റെ കിഴക്കുഭാഗത്തെ ഗേറ്റിന്റെ മധ്യഭാഗത്തു നിന്നും 53.1 മീറ്റർ ദൂരത്താണെന്നും മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. അടിമുവും കുടുംബവും താമസിക്കുന്നത് കോൺക്രീറ്റ് കെട്ടിടത്തിലാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ അപേക്ഷ പ്രകാരമുള്ള സ്കെച്ചും പ്ലാനുമനുസരിച്ച് നിർദ്ദിഷ്ട ശ്മശാനസ്ഥാനം കണക്കിലെടുക്കുമ്പോൾ ഷെഡ്ഡുകൾ ഉൾപ്പെടെ എല്ലാം 50 മീറ്റർ എന്ന ദൂരപരിധിക്ക് പുറത്താണ്. ആയതിനാൽ പഞ്ചായത്തിന്റെ വാദം ശരിയാണ്.

14) ശ്മശാന ഭൂമിയിൽ നിന്നും 50 മീറ്ററിനുള്ളിലുള്ള ഷെഡ്ഡുകൾ താമസയോഗ്യമോ, താമസമുള്ളതാണെന്നതിന് തെളിവുകളോ ഉണ്ടോ ?

ശ്രീ. കൈതവളപ്പിൽ അടിമുവിന്റെ കൈവശമുള്ള വസ്തുവിലെ ഭിത്തിയുള്ളതും ഇല്ലാത്തതുമായ ഷെഡ്ഡുകൾ താമസ സൗകര്യമുള്ളവയായി കാണുന്നില്ല. ഒരെണ്ണം പാചകപ്പുരയും മറ്റേത് വിറകുപുരയുമാണ്. അവ താമസയോഗ്യമോ താമസിക്കാനുള്ള സൗകര്യമോ ഉള്ള പുരകളോ അല്ല.

15) 03.01.2009ൽ കത്തി നശിച്ച ഓലഷെഡ് അടിമുവിന്റെ പറമ്പിൽ എവിടെ സ്ഥിതിചെയ്തിരുന്നു ?

ഇക്കാര്യം സെക്ഷൻ ഓഫീസർ ശ്രീ. അടിമുവിനോടും ഭാര്യ ശ്രീമതി. ആയിശുമ്മയോടും നേരിട്ട് ആരാഞ്ഞു. ആയതിന് ' ദാ.....ഇവിടെയാണ് ' എന്ന് പറഞ്ഞ് രണ്ടുപേരും നിലവിലുള്ള കോൺക്രീറ്റ് വീട് നിർമ്മിച്ചിരിക്കുന്ന സ്ഥലം ചൂണ്ടിക്കാട്ടി.

**8)** *1998*ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ്ചെയ്യാനും ദഹിപ്പിക്കാനു മുള്ള സ്ഥലങ്ങൾ) ചട്ടം 5 സംബന്ധിച്ച് ഇരുകൂട്ടരും നിരത്തിയ വാദങ്ങളെ സംബന്ധിക്കുന്ന വസ്തുതകൾ:

ചട്ടം 5 (1) ഇങ്ങനെ നിഷ്കർഷിക്കുന്നു.

" ജനവാസഗൃഹങ്ങളുടെയും ജലസ്രോതസ്സുകളുടെയും 50 മീറ്റർ പരിധിക്കുള്ളിൽ ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ പുതുതായി ഏർപ്പെടുത്താൻ പാടില്ലാത്തതാകുന്നു."

വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ നിർദ്ദിഷ്ട ശ്മശാനത്തിന്റെ കാര്യത്തിൽ 50 മീറ്ററിനുള്ളിൽ ജനവാസഗൃഹങ്ങളില്ല. ജില്ലാ കളക്ടറുടെ ഒരു അളവ് പ്രകാരം വടക്കുമൂലയിൽ നിന്നും കുളത്തിലേയ്ക്കുള്ള ദൂരം 46.5 മീറ്ററായും തെക്കുകിഴക്കുമൂലയിൽ നിന്നും ശ്രീ. അടിമുവിന്റെ കിണറിലേയ്ക്കുള്ള ദൂരം 48.4 മീറ്ററായും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നിർദ്ദിഷ്ട ശ്മശാന സ്ഥാനം കണക്കിലെടുക്കുമ്പോൾ കുളത്തിന്റേയും കിണറിന്റേയും അകലം 50 മീറ്റർ പരിധിക്ക് പുറത്തുതന്നെയാണ്. അതായത് 50 മീറ്റർ പരിധിക്കുള്ളിൽ ജലസ്രോതസ്സുകൾ ഇല്ല. അതല്ല, കിണറും കുളവും 50 മീറ്റർ പരിധിക്കകത്താണെങ്കിൽ പോലും അക്കാര്യം വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയുടെ കാര്യത്തിൽ ബാധകമാകുന്നില്ല. കാരണം ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ 07.04.2008 ലെതാണ്. ജലസ്രോതസിന്റെ കാര്യം ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്തത് 08.06.2012ൽ മാത്രമാണ്. ചട്ടങ്ങളിൽ പറയുന്ന നിബന്ധനകൾ അപേക്ഷയുടെ തീയതിയെ അടിസ്ഥാനപ്പെടുത്തിയാണ് തീരുമാനിക്കുന്നത്.

9) <u>രജിസ്റ്റർ പരിശോധന</u>

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന കെട്ടിട അസസ്മെന്റ് രജിസ്റ്ററുകളും, ഡിമാന്റ് രജിസ്റ്ററും പരിശോധനയ്ക്ക് വിധേയമാക്കി. പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം X-)o വാർഡിൽ 272-)o നമ്പർ ഓലക്കുടിലാണ് ശ്രീ. കൈതവളപ്പിൽ അടിമു, S/o മൊയ്തുണ്ണിയുടെ പേരിൽ ഉണ്ടായിരുന്നത്. പുതിയ രജിസ്റ്റർ പ്രകാരം 272 (A) നമ്പർ ടെറസ് കെട്ടിടമാണ് ശ്രീ. അടിമുവിനുള്ളത്. രണ്ടു രജിസ്റ്ററുകളിലും ശ്രീ. അടിമുവിന് മറ്റ് കെട്ടിടങ്ങളില്ല. ഷെഡുകൾക്കൊന്നും നമ്പർ നൽകാത്തതിനാൽ, അവ അനധികൃതമെന്നേ കരുതാനാവൂ. ആയതിൽ നിന്നും ശ്രീ. അടിമു താമസിച്ചിരുന്ന ഓലക്കുടിലിന്റെ സ്ഥാനത്തു തന്നെയാണ് പുതിയ കെട്ടിടവും നിർമ്മിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്.

ശ്രീ. അടിമുവിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുമതി നൽകിയ ഫയലും പരിശോധിക്കുകയുണ്ടായി. 10.11.2011ൽ ശ്രീ. അടിമു പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കെട്ടിടത്തിന് നികുതി അടയ്ക്കുന്നതിനുള്ള അപേക്ഷയിൽ, താൻ തന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 272-)o നമ്പർ വീട് പൊളിച്ച് ഒരു ചെറിയ ടെറസ്സ് വീട് നിർമ്മിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആ ഫയലിൽ തന്നെ പഞ്ചായത്ത് ഉദ്യോഗസ്ഥനും ' മുൻ അസസ്മെന്റ് രജിസ്റ്ററിലെ X/272 നമ്പർ ഓലക്കുടിൽ നിലനിന്നിരുന്ന യഥാസ്ഥാനത്ത് നിർമ്മിച്ച കോൺക്രീറ്റ് വീടിന് X/272 A (New VI/20A) നമ്പർ അനുവദിക്കുന്നതിനുള്ള അംഗീകാരത്തിനായി......... " എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ നിന്നും നേരത്തെയുള്ള വീടും ഇപ്പോഴത്തെ വീടും ഒരേ സ്ഥാനത്തുതന്നെയാണെന്ന് തെളിയുന്നു.

ശ്രീ. അടിമുവിന്റെ ഭാര്യയായ ശ്രീമതി. ആയിശുമ്മയ്ക്ക് വീട് കത്തിപ്പോയി 3 മാസങ്ങൾക്കുള്ളിൽ തന്നെ പഞ്ചായത്ത് ഇന്ദിരാ ആവാസ് യോജന യിൽപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്. വാസയോഗ്യമായ വീടില്ലാത്തവർക്ക് മാത്രമേ ഈ പദ്ധതിയിൽപ്പെടുത്തി ധനസഹായം അനുവദിക്കാറുള്ളൂ എന്നതാണ് മാനദണ്ഡമെന്നിരിക്കെ, വാസയോഗ്യമായ വീടുണ്ടായിരുന്നുവെങ്കിൽ ശ്രീ. അടിമുവിന്റെ ഭാര്യയ്ക്ക് ഐ.എ.വൈ ധനസഹായം ലഭ്യമാകുമായിരുന്നില്ലെന്ന വസ്തുതയും കണക്കിലെടുക്കേണ്ടി വരുന്നു. മുകളിൽ പറഞ്ഞ വസ്തുതയുടെ അടിസ്ഥാനത്തിലും നിലവിലെ താൽക്കാലിക ഷെഡുകളെ വാസയോഗ്യമായി

കാണാനാവില്ലെന്നതിനാലും അവയൊന്നും തന്നെ 1998ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5 (1)ൽ പ്രതിപാദിക്കുന്ന വാസഗൃഹങ്ങളുടെ പരിധിയിൽ വരില്ലെന്ന് വ്യക്തമാണ്.

10) <u>പ്രധാന കണ്ടെത്തലുകൾ</u>

(I) വെളിയങ്കോട് വില്ലേജിൽ റീസർവ്വേ I/2-ൽപ്പെട്ട വെളിയങ്കോട് ഗ്രാമപഞ്ചായ ത്തിന്റെ നിർദ്ദിഷ്ട ശ്മശാന സ്ഥാനത്തു നിന്നും 50 മീറ്റർ പരിധിക്ക് പുറത്താണ് ശ്രീ. കൈതവളപ്പിൽ അടിമുവിന്റെ വീടും കിണറും സമീപത്തുള്ള കുളവും.

(II) ശ്രീ. അടിമുവിന്റെ X/272-)o നമ്പർ ഓലക്കുടിൽ നിന്നിരുന്ന അതേ സ്ഥാനത്തുതന്നെയാണ് അദ്ദേഹത്തിന്റെ കോൺക്രീറ്റ് വീട് സ്ഥിതി ചെയ്യുന്നത്. ഷെഡ്ഡുകൾ അനധികൃതമാണ്. അവ താമസയോഗ്യമല്ല. അവയിൽ താമസിക്കാൻ സൗകര്യങ്ങളും ഇല്ല.

(III) വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ നിർദ്ദിഷ്ട ശ്മശാനം 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യുന്നതിനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5(1)-ലെ വ്യവസ്ഥ ലംഘിക്കുന്നില്ല.

(IV) ശ്മശാന നിർമ്മാണം കൃഷിക്കോ സമീപത്തുള്ള കൈത്തോടുകളുടെ ഒഴുക്കിനോ തടസ്സമല്ല.

11) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ നിർദ്ദിഷ്ട ശ്മശാനം 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യുന്നതിനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5(1)-ലെ വ്യവസ്ഥ ലംഘിക്കാത്ത സാഹചര്യത്തിലും സ്ഥലപരിശോധനയിലും രജിസ്റ്ററുകളുടെ പരിശോധനയിലും വെളിപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിലും വെളിയങ്കോട് വില്ലേജ് സർവ്വേ നം. 1/2-ൽപ്പെട്ട 15 സെന്റ് ഭൂമിയിൽ വെളിയങ്കോട് ഗ്രാമപഞ്ചായത്തിന് ശ്മശാനം ഏർപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
(സി. വത്സല)
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( ഉപരിപത്രം സഹിതം)
ജില്ലാ കളക്ടർ, മലപ്പുറം.
സെക്രട്ടറി/പ്രസിഡന്റ്, വെളിയങ്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ശ്രീ. കൈതവളപ്പിൽ അടിമു, എരമംഗലം അംശം, പെരുമുടിശ്ശേരി ദേശം,
പൊന്നാനി താലൂക്ക്, മലപ്പുറം.
ശ്രീ. ചെറാട്ടി ഷൺമുഖൻ, എരമംഗലം അംശം, പെരുമുടിശ്ശേരി ദേശം,
പൊന്നാനി താലൂക്ക്, മലപ്പുറം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.